# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 178** **26.9.2011 ന് മറുപടിയ്ക്ക്**

ഹോട്ടലുകളിലെ വിലവർദ്ധന തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.റ്റി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്തെ ഹോട്ടലുകളെ ഗ്രേഡ് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; | (എ)ഇല്ല. |
| (ബി)ഹോട്ടലുകളിൽ ഭക്ഷ്യസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിലും നിയന്ത്രിക്കുന്നതിലും സർക്കാർ ഇടപെടാറുണ്ടോ; | (ബി) ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ആവശ്യമായ നിയമം ഇപ്പോൾ നിലവിലില്ല. എന്നാൽ വിൽക്കപ്പെടുന്ന സാധനങ്ങളുടെ വില വിവരം പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം വില വിവരം പ്രദർശിപ്പിക്കാത്തവർക്കെതിരെ 1977 ലെ കേരള ഫുഡ് സ്റ്റഫ് (ഡിസ് പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി)ഒരേ നിലവാരത്തിലുള്ള ഹോട്ടലുകളിൽ നൽകുന്ന ഒരേ തരത്തിലുള്ള ഭക്ഷണത്തിന് ഭീമമായ വില വ്യത്യാസം അനുഭവപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഒരേ നിലവാരത്തിലുള്ള ഹോട്ടലുകളിൽ നൽകുന്ന ഒരേ തരത്തിലുള്ള ഭക്ഷണത്തിന് ഭീമമായ വില വ്യത്യാസം അനുഭവപ്പെടുന്നതായ പരാതികളൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ നേരിയ വ്യത്യാസം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഡി) വില ഏകീകരിക്കുന്നതിനും അനധികൃതമായി വില വർദ്ധിപ്പിക്കുന്നത് തടയുന്നതിനും ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (ഡി) സംസ്ഥാനത്തെ ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതു നടപ്പിലാക്കുന്നതോടെ വില ഏകീകരിക്കുന്നതിനും അനധികൃതമായി വില വർദ്ധിപ്പിക്കുന്നത് തടയുന്നതിനും സാധിക്കുന്നതാണ് എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ